സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ തിരുവാഭരണങ്ങളുടെ ചാർജ്ജ് കൈമാറ്റം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

ഉത്തരവ് നമ്പർ: **ROC 6701/17/Est-I** നന്തൻകോട്, 12/06/2017

---

പരാമർശം :- 1) തിരുവാഭരണം കമ്മീഷണറുടെ 01-3-2017 ലെ ROC 300/17/TM നമ്പർ റിപ്പോർട്ട്.

2) ദേവസ്വം കമ്മീഷണറുടെ 11-4-2017 ലെ ROC 4671/17/Est(A) നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ തിരുവാഭരണങ്ങളുടെ ചാർജ്ജ് കൈമാറ്റത്തിന്റെ നടപടികൾ ലഘൂകരിക്കുന്നത് സംബന്ധിച്ച് തിരുവാഭരണം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചതിൽ ആയതിലെ അഭിപ്രായങ്ങൾ സ്വീകാര്യമാണെന്ന് വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

തിരുവാഭരണങ്ങളുടെ ചാർജ്ജ് കൈമാറ്റം സുതാര്യമാക്കുന്നതിനും ചാർജ്ജ് കൈമാറ്റത്തിലുണ്ടാകുന്ന കാലതാമസം മൂലം ഉദ്യോഗസ്ഥർക്ക് നോൺ ലൈബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് പലപ്പോഴും തടസ്സമാകുന്നത് ഒഴിവാക്കുന്നതിനുമായി തിരുവാഭരണങ്ങളുടെ ചാർജ്ജ് കൈമാറ്റ നടപടികൾ ലഘൂകരിക്കുന്നതിലേക്കായി ഉത്സവാദി അടിയന്തിരങ്ങൾക്ക് ആവശ്യമില്ലാത്ത ഓരോ ദേവസ്വങ്ങളിലേയും തിരുവാഭരണങ്ങൾ തിരുവാഭരണം കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ വെരിഫിക്കേഷൻ നടത്തി പ്രത്യേകം പെട്ടികളിലാക്കി മുദ്രവച്ച് സ്ട്രോംഗ് റൂമിൽ സൂക്ഷിക്കുകയും പ്രസ്തുത പെട്ടികൾ ചാർജ്ജ് കൈമാറ്റവേളയിൽ കൈമാറേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

12/6/17

**സെക്രട്ടറി**

അസിസ്റ്റന്റ് സെക്രട്ടറി, ശബരിമല സെൽ
(ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. മരാമത്ത് സെക്ഷൻ, ബോർഡാഫീസ്
3. ഇ.ഡി.പി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി

SK